# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 98 | 26.02.2018-ൽ മറുപടിയ്ക്ക്

## 'സാന്ത്വനം' പദ്ധതി

**ചോദ്യം**

ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.പി.വി.അൻവർ
ശ്രീ.ആന്റണി ജോൺ
ശ്രീ.പി.ടി.എ.റഹീം

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക-റൂട്ട്സ് മുഖേന നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം;
2. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണം;
3. തൊഴിൽ വൈദഗ്ധ്യ പരിശീലനം;
4. മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ധ്യ പരിശീലനം;
5. ലോക കേരള സഭ;
6. ആഗോള സാംസ്കാരികോത്സവം പദ്ധതി;
7. തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി;
8. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ;
9. സ്വപ്ന സാഫല്യം;
10. കാൾ സെന്റർ;
11. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ;
12. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും, ഡാറ്റാബേയ്സ് രൂപീകരണവും പദ്ധതി;
13. എൻ.ആർ.കെ. ഐ.ഡി കാർഡ്/പ്രവാസി ഐ.ഡി. കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)
14. എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്;

15. നോർക്ക വഴിയുള്ള റിക്രൂട്ട്മെന്റ്;
16. സാന്ത്വന പദ്ധതി;
17. കാരുണ്യം;
18. ചെയർമാൻ ഫണ്ട്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. അംഗത്വം നേടിയവർക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ പെൻഷൻ;
2. കുടുംബ പെൻഷൻ;
3. മരണാനന്തര ധനസഹായം;
4. ചികിത്സാ ധനസഹായം;
5. പ്രസവാനുകൂല്യം;
6. വിദ്യാഭ്യാസാനുകൂല്യം;
7. വിവാഹ ധനസഹായം.

(ബി) പ്രവാസി മലയാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള 'സാന്ത്വനം' പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് പ്രവാസികൾക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) & (സി) വിദേശത്തു നിന്നും തിരികെയെത്തുന്ന നിർദ്ധനരായ പ്രവാസി കുടുംബങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് സാന്ത്വന പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ /കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000/- രൂപ വരെയും, മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപവരെയും, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000/- രൂപ വരെയും പ്രവാസിയുടെ /കുടുംബാംഗങ്ങൾക്ക് വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് 10,000/-രൂപയും ഒറ്റത്തവണയായി ധനസഹായം നല്കി വരുന്നു.

(ഡി) വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം കൊണ്ടുവരുന്നതിനായി എയർ ആംബുലൻസ് സംവിധാനം സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ഡി) എയർ ആംബുലൻസ് സംവിധാനം സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വിദേശത്ത് നിന്നും അസുഖ ബാധിതരായി വരുന്നവരെയും, വിദേശത്ത് വച്ച് മരണം നടക്കുന്ന കേസുകളിൽ ഭൗതിക ശരീരം ആശുപത്രിയിലോ വീട്ടിലോ എത്തിക്കുന്നതിനും കേരളത്തിലെ എല്ലാ എയർപോർട്ടുകളിലും ആംബുലൻസ് സൗകര്യം ഒരുക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ